**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1527 — 03.10.2011 ൽ മറുപടിക്ക്

## മാരകരോഗങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.യു.കുരുവിള,<br>ശ്രീ.മോൻസ് ജോസഫ് | | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) വൃക്കരോഗം, ഹൃദയസംബന്ധമായ രോഗം, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് വളരെകാലങ്ങളായി തുച്ഛമായ തുകയാണ് ധനസഹായമായി നൽകിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അത്തരം രോഗങ്ങൾക്കുള്ള ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(സി) കൂടാതെ മറ്റുള്ള രോഗങ്ങൾക്കും നൽകിവരുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | വൃക്കരോഗം, ഹൃദയസംബന്ധമായ രോഗം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പരമാവധി 5000/-രൂപ (അയ്യായിരം രൂപ) വരെയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിവരുന്നത്. ഈ രോഗങ്ങൾക്കുള്ള ചെലവ് വളരെ വർദ്ധിച്ചിട്ടുള്ളത് പരിഗണിക്കുമ്പോൾ സർക്കാർ നൽകുന്ന ധനസഹായം തികച്ചും അപര്യാപ്ത മാണെന്നത് വസ്തുതയാണ്, പ്രത്യേക സാഹചര്യ ങ്ങളിൽ മാനദണ്ഡങ്ങളിൽ അയവു വരുത്തി കൂടുതൽ തുക അനുവദിക്കാറുണ്ട്. അപേക്ഷക രുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ